പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

# മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1413 — 15.02.2016 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജെയിംസ് മാത്യു | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുക്കുന്നവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി എന്തൊക്കെ പ്രഖ്യാപനങ്ങളാണ് ഇതുവരെ ബജറ്റിലൂടെ നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ: | (എ) | 2012-13 ലെ ബഡ്ജറ്റിൽ തൊഴിലുറപ്പ് പദ്ധതിയിൽ 2011-12 വർഷം 100 ദിവസം പണിയെടുത്ത സ്ത്രീ തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആവശ്യത്തിന് 1000 രൂപ നിരക്കിൽ ഒറ്റത്തവണ ധനസഹായം പ്രഖ്യാപിച്ചിരുന്നു. 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ, 100 ദിവസം തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന എല്ലാ തൊഴിലാളികൾക്കും ഒരു പുതിയ പെൻഷൻ പദ്ധതിയും 100 ദിവസം പണിയെടുത്ത എല്ലാ സ്ത്രീ തൊഴിലാളികൾക്കും 400 രൂപയിൽ അധികരിക്കാത്ത തുകയ്ക്കുള്ള ഓണക്കോടി വിതരണം ചെയ്യുമെന്നും പ്രഖ്യാപിച്ചിരുന്നു. |
| (ബി) | അവയിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞു എന്ന് പറയാമോ; | (ബി) | 2012-13 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നതുപ്രകാരം, തൊഴിലുറപ്പ് പദ്ധതിയിൽ 2011-12 വർഷം 100 ദിവസം പണിയെടുത്ത കുടുംബങ്ങളിലെ 90 ദിവസം പണിയെടുത്ത സ്ത്രീ തൊഴിലാളികൾക്ക് 1000 രൂപ നിരക്കിൽ ഒറ്റത്തവണ ധനസഹായം നൽകിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം, 100 ദിവസം പണിയെടുത്ത എല്ലാ സ്ത്രീ തൊഴിലാളികൾക്കും 400 രൂപയിൽ അധികരിക്കാത്ത തുകയ്ക്കുള്ള ഓണക്കോടി വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | അതിനായി എത്ര തുക അനുവദിച്ചു എന്നും എത്ര തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ? | (സി) | 2011-12 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം പണിയെടുത്ത 1,04,549 കുടുംബങ്ങളിലെ സ്ത്രീ തൊഴിലാളികൾക്ക് 1000/- രൂപാ വീതം ആകെ 10,45,49,000/ രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം, 100 ദിവസം പണിയെടുത്ത എല്ലാ സ്ത്രീ തൊഴിലാളികൾക്കും 400 രൂപയിൽ അധികരിക്കാത്ത തുകയ്ക്കുള്ള ഓണക്കോടി വിതരണം ചെയ്ത ഇനത്തിൽ 13.61 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ